വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നു കൊണ്ട് മാത്രമേ ചെയ്യാൻസാധിക്കൂ. ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താനാവശ്യമായ നടപടികൾ സ്വീകരിക്കും. ആവശ്യമായ മുന്നറിയിപ്പ് കൊടുക്കാനും, അവരെ തടയാനും സാധിക്കുമോയെന്നും പരിശോധിക്കാം. ഈ സ്ഥലങ്ങളിലൊക്കെ ഫിഷിംഗ് ഹാർബർ ഉണ്ടാക്കുകയാണ് ഇതിനൊരു പരിഹാരം. മണ്ണുമാന്തിയെടുത്ത് കുറേക്കൂടി ഫ്രീയായിട്ട് മൂവ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉടൻതന്നെ പതിനായിരം രൂപ വീതം സഹായധനം അവർക്ക് കൊടുക്കാം.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

1. അട്ടപ്പാടിയിലെ കൊടുങ്കരപ്പള്ളം പുഴയിൽനിന്ന് തമിഴ്നാട് ഗവൺമെന്റ് വെള്ളം കൊണ്ടുപോകുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച്

ശ്രീ. പി. കുമാരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കിഴക്കേ അട്ടപ്പാടിയിൽ വരൾച്ചകൊണ്ട് പൊറുതിമുട്ടുന്നു. അങ്ങനെ അട്ടപ്പാടിപ്രദേശത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നത്. അട്ടപ്പാടി പ്രദേശത്തിന്റെ കിഴക്കൻ മേഖല തമിഴ്നാടുമായി ബന്ധപ്പെട്ട പ്രദേശമാണ്. നമ്മുടെ കേരളത്തിന്റെ അതിർത്തി പ്രദേശത്തുകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന കൊടുങ്കരപ്പള്ളം പുഴയിൽനിന്ന് തമിഴ്നാട് ഗവൺമെന്റ് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ഈ വിവരം ബന്ധപ്പെട്ട കളക്ടറേയും മറ്റും ഇതിനുമുമ്പുതന്നെ ഞാൻ അറിയിച്ചതാണ്. തമിഴ്നാട്ടിലെ ഉദ്യോഗസ്ഥന്മാർ കേരളത്തിലെ വെള്ളം കാണുമ്പോൾ അത്യാഗ്രഹത്തോടുകൂടി പ്രവർത്തിക്കുന്നതിന്റെ ഫലമായി അട്ടപ്പാടിയിലെ ആ പ്രദേശത്തുള്ള ജനങ്ങളെ വളരെ ഗുരുതരമായ അവസ്ഥയിലേക്ക് എത്തിച്ചിരിക്കുകയാണ്. അട്ടപ്പാടിയിലെ ഈ പ്രദേശത്ത് ഉള്ള കേരളത്തിന്റെ ഏതാനും ഭാഗങ്ങൾ തമിഴ്നാടിനോട് യോജിപ്പിക്കുന്ന രീതിയിലുള്ള പല പ്രവർത്തനങ്ങളും അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ആ പ്രദേശത്തെ മണ്ണാർക്കാട് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതാനും വീടുകൾ അതിന്റെ 1981 വരെയുള്ള പഞ്ചായത്തു നികുതി അടക്കം ഷോളയാർ പഞ്ചായത്തിൽ അടച്ചതിനുശേഷം തമിഴ്നാടിന്റെ സെറ്റിലേഴ്സ് ആയിട്ട് ആ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയിൽ താമസിക്കുന്നവർ അവിടെ ഇലക്ട്രിസിറ്റി കണക്ഷൻ തമിഴ്നാട് ഗവൺമെന്റിൽനിന്നും വാങ്ങിയതിന്റെ ഫലമായി ആ സ്ഥലം തമിഴ്നാടിന്റേതായി പ്രഖ്യാപിക്കുന്ന രീതിയാണ് ഇന്നുള്ളത് അതിനുശേഷം പഞ്ചായത്തു നികുതി ആവശ്യപ്പെട്ടാൽ ഒരു ലായർ നോട്ടീസാണ് പഞ്ചായത്തിന് കിട്ടിയിട്ടുള്ളത്. ലീഗലായിട്ടുള്ള നടപടികൾക്കായി ഗവൺമെന്റിലേക്ക് അയച്ചതിന് ഇതുവരെ യാതൊരു മറുപടിയും ഇല്ല. അതുമായി ബന്ധപ്പെട്ട കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. ഗുരുതരമായ വരൾച്ചകൊണ്ട് കോടിക്കണക്കിനു രൂപയുടെ നഷ്ടം അനുഭവിക്കുന്ന അട്ടപ്പാടിയിലെ കൃഷിക്കാർക്ക് ആ പ്രദേശം വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്നും അവിടത്തെ കിഴക്കൻപ്രദേശത്തിന്റെ അതിർത്തി സംരക്ഷിക്കണമെന്നും അവിടത്തെ കൃഷിക്കാർക്കും നാട്ടുകാർക്കും അർഹമായ ആശ്വാസനടപടികൾ കൈക്കൊള്ളമെന്നും ഞാൻ മുഖ്യമന്ത്രിയോട് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. ഈ അടുത്ത ദിവസം നമ്മുടെ പ്രധാനമന്ത്രി വന്ന സമയത്ത് നമ്മുടെ മുഖ്യമന്ത്രി ആ സ്ഥലം സന്ദർശിച്ചതാണ്. കാലവർഷംകൊണ്ട് ദുരിതമനുഭവിക്കുന്ന പ്രമാദമായ വിഷയത്തിൽ ഈ സഭ മുഴുകിയിരിക്കുമ്പോൾ വരൾച്ചയെപ്പറ്റി പറയുന്നത് ഒരൽഭുതമായി തോന്നാം. പക്ഷേ ഈ കാര്യം അദ്ദേഹം നേരിട്ടു കണ്ടപ്പോൾ ബോധ്യപ്പെട്ടിട്ടുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് തീർച്ചയായും അതൊരു വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ: കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വെള്ളപ്പൊക്കമെന്നു പറയുമ്പോൾ ഈ പ്രദേശത്ത് ആക്ച്വലായിട്ട് വരൾച്ചയാണ്. പെട്ടെന്ന് ആർക്കു കേട്ടാലും വിശ്വസിക്കാൻ പ്രയാസമായിരിക്കും. ഈ അടുത്തയവസരത്തിൽ നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രിയുമായി ആ സ്ഥലത്തു ചെന്നപ്പോൾ ഇത് എനിക്ക് നേരിട്ടു തന്നെ മനസിലാക്കാൻ സാധിച്ചു. വരൾച്ചബാധിതപ്രദേശമായി പ്രഖ്യാപിക്കുന്നതിന് ചില നടപടിക്രമങ്ങളൊക്കെയുണ്ട്. ഏതായാലും ശരി അവിടെവച്ച് ആദിവാസികൾക്കും അതുപോലെ പിന്നോക്കം നിൽക്കുന്ന ആളുകൾക്കും സൗജന്യറേഷൻ കൊടുക്കാൻ പറഞ്ഞിരിക്കുകയാണ്. അതിനും റേഷൻ കാർഡ് പലർക്കുമില്ല. അതുകൊണ്ട് കഴിഞ്ഞ തവണ ഇഷ്യൂ ചെയ്ത അരി കിട്ടിയില്ല എന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. ഇതിനുവേണ്ടി ടെമ്പററി റേഷൻ കാർഡ് ഇഷ്യൂ ചെയ്യാൻ കളക്ടറോട് പറഞ്ഞിട്ടുണ്ട്. മാത്രമല്ല, ഈ ആദിവാസികളെ സംബന്ധിച്ചിടത്തോളം സാധാരണഗതിയിൽ റേഷൻകാർഡ് ഇഷ്യൂ ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകും. അതിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഷോളയാർ വില്ലേജിൽ വെള്ളമുണ്ട്; അവിടെ ഒരു പുഴയുണ്ട്. പക്ഷേ അതിന്റെ അതിർത്തിയെസംബന്ധിച്ചിടത്തോളം രണ്ടു സംസ്ഥാനത്തിന്റേയും അതിർത്തിയാണ്. ഒരു വിദഗ്ദ്ധമായ അഭിപ്രായമൊന്നും ആർക്കും പെട്ടെന്ന് പറയാൻ സാധിച്ചില്ലെങ്കിലും രണ്ടുകൂട്ടരും ഇന്ന് അവകാശപ്പെടുന്നുണ്ട്. അതിർത്തി രണ്ടു സംസ്ഥാനങ്ങളുടെയുമാണെന്ന് പറയാൻ സാധിക്കാത്ത സ്ഥിതിയിൽ അവ്യക്തതയിൽ കിടക്കുകയാണ്. ഏതായാലും ശരി തമിഴ്നാട് ഗവൺമെന്റ് ഇതിലെ വെള്ളം ആ ഭാഗങ്ങളിലേക്ക് കൊണ്ടുപോകാനുള്ള ചില സംരംഭം ആരംഭിച്ചതായി വിവരം കിട്ടിയയുടൻതന്നെ കോയമ്പത്തൂർ കളക്ടറുമായി സംസാരിച്ചു. അങ്ങനെയൊരു നടപടി സ്വീകരിക്കുന്നത് അന്യായമായ സമീപനമായിരിക്കുമെന്നും അത് ചെയ്യരുതെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. പക്ഷേ സ്വാഭാവികമായും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വെള്ളത്തിന്റെ ദാരിദ്ര്യം ഇത്രയധികമുള്ള പ്രദേശം വേറെ കാണുകയില്ല. അതുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് അതിനുള്ളതായ ശ്രമം നടത്തുമെന്നാണ് അറിയുന്നത്. തമിഴ്നാട് ഗവൺമെന്റ് നടത്തുന്നുവെങ്കിൽ തമിഴ്നാട് ഗവൺമെന്റ് ചെയ്യുന്നതുപോലെ കേരളാ ഗവൺമെന്റും ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. തമിഴ്നാട് ഗവൺമെന്റ് പണിയുന്നില്ലായെങ്കിൽ കേരളാഗവൺമെന്റും പണിയുന്നില്ല. ഏതായാലും അവിടെയുള്ള വെള്ളം കേരളത്തിലെ ജനങ്ങൾക്ക് കിട്ടുന്നതിനുവേണ്ടി അടിയന്തിരമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

<u>ശ്രീ. പി. കുമാരൻ:</u> ഈ പുഴയ്ക്ക് അപ്പുറത്തും കേരളത്തിന്റെ പ്രദേശമുണ്ട്.

<u>ശ്രീ. കെ. കരുണാകരൻ:</u> എനിക്ക് കിട്ടിയ വിവരമനുസരിച്ചാണ് പറഞ്ഞത്. ഏതായാലും നമ്മുടെ പ്രദേശത്തെ വെള്ളമെടുത്ത് ഉപയോഗിക്കാനാവശ്യമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചക്രപാണി)

2. കണ്ണൂർ-തലശ്ശേരി മുനിസിപ്പാലിറ്റികളിലേയും സമീപ പഞ്ചായത്തുകളിലേയും ജലക്ഷാമം.

<u>ശ്രീ. പി. ഭാസ്ക്കരൻ:</u> സർ, കണ്ണൂരിന്റെ കണ്ണുനീരിനെപ്പറ്റിയാണ് എനിക്ക് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 18 വർഷങ്ങൾക്കുമുമ്പാണ് കണ്ണൂർ മുനിസിപ്പാലിറ്റിയിൽ എൽ. ഐ. സി. യുടെ സഹായത്തോടുകൂടി ശുദ്ധജലവിതരണപദ്ധതി ആരംഭിച്ചത്. പിന്നീടത് തലശ്ശേരി മുനിസിപ്പാലിറ്റിയിലും മാഹിയിലും സമീപ മുനിസിപ്പാലിറ്റികളിലും തുടങ്ങുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly